# കേരള അക്വാട്ടിക് അസോസിയേഷൻ

## ലൈഫ് സേവിങ് കോഴ്സ്

കേരളത്തിൽ വെള്ളത്തിൽ വീണുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്വിമ്മിംഗ് പൂളുകളിലും, ആൾകാർ കൂടുതലായി ഉപയോഗിക്കുന്ന കുളങ്ങൾ, പൊതു ജല ശ്രോതസ്സുകൾ തുടങ്ങിയ സ്ഥലങ്ങളിൽ യോഗ്യതയുള്ള ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കുവാൻ ദേശീയ നീന്തൽ ഫെഡറേഷന്റെ അംഗീകാരത്തോടെ കേരള അക്വാട്ടിക് അസോസിയേഷൻ കണ്ണൂർ, തൃശൂർ തിരുവനന്തപുരം ജില്ലകളിൽ ലൈഫ് സേവിങ് കോഴ്സുകൾ സംഘടിപ്പിക്കുന്നു. ഡിസംബർ 16,17,18 തിയതികളിൽ കണ്ണൂരിലാണ് അദ്യ കോഴ്സ് സംഘടിപ്പിക്കുന്നത്. അഡ്വാൻസ്ഡ് ലൈഫ് സേവിങ്, സി പി ആർ ശുശ്രുഷ രീതി(Cardiopulmonary resuscitation), പ്രഥമ ശുശ്രുഷ പരിശീലനം, നാടൻ കുളങ്ങൾ, തൊടുകൾ, ആറുകൾ, കായൽ എന്നിവിടങ്ങളിൽ ലൈഫ് ഗാർഡുകളുടെ സേവന രീതി( community water safety) എന്നിവയിൽ ആയിരിക്കും മുന്ന് ദിവസം നീണ്ടുനിൽക്കുന്ന കോഴ്സ് സംഘടിപ്പിക്കുന്നത്. സ്വിമ്മിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള സെർച്ച് ഫൌണ്ടേഷൻ നിയോഗിക്കുന്ന കോഴ്സ് ഡയറക്ടറുടെ മേൽനോട്ടത്തിലായിരിക്കും കോഴ്സ് നടത്തുന്നത്. പ്രാക്ടിക്കൽ /തിയറി ക്ലാസുകൾ ഉണ്ടായിരിക്കും.

കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്കു കേരള അക്വാട്ടിക് അസോസിയേഷൻ സർട്ടിഫിക്കറ്റുകൾ നൽകും. 7500 രൂപയാണ് കോഴ്സ് ഫീസ്. എസ് എസ് എൽ സി പൂർത്തികരിച്ച 17 നും - 40 വയസ്സിന്  ഇടക്ക് പ്രായമുള്ള ശാരീരിക അംഗവൈകല്യങ്ങൾ ഇല്ലാത്ത നീന്തൽ വശമുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും കോഴ്സിന് അപേക്ഷിക്കാം. അംഗീകൃത നീന്തൽ മത്സരങ്ങളിൽ പങ്കെടുത്തവർക്കു മുൻഗണ നൽകും.കോഴ്സിൽ പങ്കെടുക്കുന്നവർക്കു സൗജന്യ താമസ സൗകര്യം നൽകും.

താല്പര്യമുള്ളവർ താഴേ പറയുന്ന ലിങ്കിൽ ഡിസംബർ 10ന് മുമ്പായി അപേക്ഷിക്കണം.

https://forms.gle/H5HvnhBsTymTkWQn6 LIFE SAVING COURSE -2022 ORGANISED BY KERALA AQUATIC ASSOCIATION

ടി. എസ്. മുരളീധരൻ
ജനറൽ സെക്രട്ടറി
keralaaquatics@gmail.com
ഫോൺ - 9447219983

കണ്ണൂർ കോർഡിനേറ്റർ
മുഹമ്മദ് അലി - +919447641066